പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2217**

05.05.2017-ൽ
മറുപടിയ്ക്ക്

## എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. വിൻസെന്റ്:** | **ശ്രീ. റ്റി. പി. രാമകൃഷ്ണൻ** (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) 584/2013 കാറ്റഗറി നമ്പർ പ്രകാരം 2015-ൽ നിലവിൽവന്ന സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് ഇതിനകം നിയമനം നൽകി; ഇതിൽ പുരുഷ/വനിതാ അനുപാതം വ്യക്തമാക്കാമോ; | (എ) 584/13 കാറ്റഗറി നമ്പർ പ്രകാരം 2015-ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റ് സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ് അല്ല. സിവിൽ എക്സൈസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് 534/13 കാറ്റഗറി നമ്പറാണ്. ടി 534/13 കാറ്റഗറി റാങ്ക് ലിസ്റ്റ് പ്രകാരം 493 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ടി റാങ്ക് ലിസ്റ്റ് പുരുഷൻമാർക്കു മാത്രമായുള്ളതാണ്. |
| (ബി) 2015 ജനുവരി 1 മുതൽ മുൻകാലപ്രാബല്യം നൽകി സിവിൽ എക്സൈസ് ഓഫീസർമാരുടെ നിയമനയോഗ്യത 2015 ഓക്ടോബറിൽ പരിഷ്ക്കരിച്ചിരുന്നോ; | (ബി) പരിഷ്ക്കരിച്ചിരുന്നു. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ 2015 ആഗസ്റ്റിൽ നിലവിൽവന്ന മേൽപറഞ്ഞ റാങ്ക് പട്ടികയിലുള്ളവരുടെ നിയമനത്തെ പുതുക്കിയ സ്പെഷ്യൽ റൂൾസ് എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | പുതുക്കിയ സ്പെഷ്യൽ റൂൾ പ്രകാരം 2015-ൽ നിലവിൽ വന്നിട്ടുള്ള സിവിൽ എക്സൈസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ സാധിക്കാത്ത അവസ്ഥയുണ്ട്. |
| (ഡി) | നിർത്തിവെച്ച പുരുഷ/വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ നിയമന നടപടി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ താൽക്കാലികമായി നിയമന ശിപാർശ നിർത്തിവച്ചിട്ടുള്ളതും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ ഉദ്യോഗാർത്ഥികളുടെ നിയമന നടപടി പുനരാരംഭിക്കാൻ കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഒരു സേവിംഗ് ക്ലോസ് ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**